# മൗറീഷ്യസിലെ അഗലേഗ ഐലൻഡിൽ പുതിയ എയർസ്ട്രിപ്പും ജെട്ടിയും പ്രധാനമന്ത്രി നരേന്ദ്ര മോദിയും മൗറീഷ്യസ് പ്രധാനമന്ത്രിയും സംയുക്തമായി ഉദ്ഘാടനം ചെയ്തു

ഫെബ്രുവരി 29, 2024

മൗറീഷ്യസിലെ അഗലേഗ ഐലൻഡിൽ പുതിയ എയർസ്ട്രിപ്പും ജെട്ടിയും പ്രധാനമന്ത്രി നരേന്ദ്ര മോദിയും മൗറീഷ്യസ് പ്രധാനമന്ത്രി ശ്രീ. പ്രവിന്ദ് ജുഗ്നോതും സംയുക്തമായി വീഡിയോ കോൺഫറൻസ് വഴി ഉദ്ഘാടനം ചെയ്തു. ഐലൻഡിലെ ആറ് കമ്മ്യൂണിറ്റി വികസന പദ്ധതികളുടെ ഉദ്ഘാടനവും ഇതിനൊപ്പം നടന്നു. ഈ പദ്ധതികളുടെ ഉദ്ഘാടനം ഇന്ത്യയും മൗറീഷ്യസും തമ്മിലുള്ള ശക്തവും ദശാബ്ദങ്ങൾ പഴക്കമുള്ളതുമായ വികസന പങ്കാളിത്തത്തിന്റെ സാക്ഷ്യപ്പെടുത്തലാണ്. മൗറീഷ്യസും അഗലേഗയും തമ്മിലുള്ള മികച്ച കണക്റ്റിവിറ്റിയുടെ ആവശ്യം ഈ പദ്ധതികൾ നിറവേറ്റുകയും സമുദ്ര സുരക്ഷ ശക്തിപ്പെടുത്തുകയും സാമൂഹിക-സാമ്പത്തിക വികസനം പ്രോത്സാഹിപ്പിക്കുകയും ചെയ്യും. 2024 ഫെബ്രുവരി 12-ന് ഇരു നേതാക്കളും മൗറീഷ്യസിൽ യുപിഐ, റുപ്പേ കാർഡ് സേവനങ്ങൾ ആരംഭിച്ചതിനു പിന്നാലെയുള്ള ഈ പദ്ധതികളുടെ ഉദ്ഘാടനം വളരെ പ്രാധാന്യമർഹിക്കുന്നതാണ്.

മൗറീഷ്യസിലെ അഗലേഗ ഐലൻഡിൽ പുതിയ എയർസ്ട്രിപ്പും സെന്റ്. ജെയിംസ് ജെട്ടിയും ആറ് കമ്മ്യൂണിറ്റി വികസന പദ്ധതികളും ഉദ്ഘാടനം ചെയ്യുന്നതിലൂടെ ഇന്ത്യയും മൗറീഷ്യസും ഇന്ന് ഒരു പുതിയ ചരിത്രം രചിക്കുകയാണെന്ന് മൗറീഷ്യസ് പ്രധാനമന്ത്രി ശ്രീ. പ്രവിന്ദ് ജുഗ്നോത് പറഞ്ഞു. രണ്ട് രാജ്യങ്ങൾ തമ്മിലുള്ള ആഴത്തിലുള്ള പങ്കാളിത്തത്തിന്റെ ഒരു സൂചകമാണിതെന്ന് പറഞ്ഞ ശ്രീ. ജുഗ്നോത്, ഇന്ത്യ-മൗറീഷ്യസ് ബന്ധത്തിന് ഒരു പുതിയ മാനം നൽകിയതിനും ചടങ്ങിൽ സംബന്ധിച്ചതിനും പ്രധാനമന്ത്രി മോദിയെ നന്ദി അറിയിച്ചു. “അഗലേഗയിൽ പുതിയ എയർസ്ട്രിപ്പും ജെട്ടി സൗകര്യം സജ്ജമാക്കുന്നത് മറ്റൊരു മൗറീഷ്യസ് സ്വപ്നത്തിന്റെ സാക്ഷാത്ക്കാരമാണ്” ശ്രീ. ജുഗ്നോത് പറഞ്ഞു. പദ്ധതിക്ക് പൂർണ്ണ സാമ്പത്തിക സഹായം ലഭ്യമാക്കിയുള്ള ഇന്ത്യയുടെ സംഭാവനയെ അദ്ദേഹം പ്രകീർത്തിച്ചു. ഇന്ത്യൻ പ്രധാനമന്ത്രിയായി ചുമതയേറ്റതു മുതൽ ദ്വീപ് രാജ്യത്തിന് നൽകിവരുന്ന പ്രത്യേക പരിഗണനയ്ക്ക് സർക്കാരിന്റെ പേരിലും മൗറീഷ്യസിലെ ജനങ്ങളുടെ പേരിലും മോദിയെ അഗാധമായ നന്ദി അറിയിക്കുകയാണ്. ആഗോള തലത്തിൽ തന്നെയുള്ള പ്രധാനമന്ത്രി മോദിയുടെ ശക്തമായ

നേതൃത്വത്തെയും രാഷ്ട്രതന്ത്രജ്ഞതയെയും അദ്ദേഹം പ്രശംസിക്കുകയും മൂല്യങ്ങളുടെയും അറിവിന്റെയും വിജയത്തിന്റെയും ആഗോള പവർഹൗസാണെന്ന് ഇന്ത്യൻ പ്രവാസികൾ തെളിയിച്ചിട്ടുള്ളതായി വ്യക്തമാക്കുകയും ചെയ്തു. 'ജൻ ഔഷധി സ്കീം' സ്വീകരിച്ച ആദ്യത്തെ രാജ്യമാണ് മൗറീഷ്യസെന്ന് അദ്ദേഹം പറഞ്ഞു. ഫാർമസ്യൂട്ടിക്കൽസ് ആൻഡ് മെഡിക്കൽ ഡിവൈസസ് ബ്യൂറോ ഓഫ് ഇന്ത്യയിൽ നിന്നുള്ള ഏതാണ്ട് 250 ഉന്നത നിലവാരമുള്ള മരുന്നുകൾ ലഭ്യമാക്കാൻ ഇത് അനുവദിക്കുന്നു, അതുവഴി മൗറീഷ്യസിലെ ജനങ്ങൾക്ക് ലഭിക്കുന്ന പ്രയോജനം വളരെ വലുതാണ്. രണ്ട് രാജ്യങ്ങളും തമ്മിലുള്ള പങ്കാളിത്തത്തിന് കൂടുതൽ കരുത്തുപകരുന്നതാണിത്. വികസന ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനൊപ്പം തന്നെ സമുദ്ര നിരീക്ഷണത്തിലും സുരക്ഷയിലുമുള്ള കഴിവുകളും ശേഷിയും കാര്യമായി വർദ്ധിപ്പിക്കാൻ കഴിയുന്ന മാറ്റത്തിന് ഉതകുന്ന ഇത്തരം വലിയ പദ്ധതികൾ സാക്ഷാത്ക്കരിക്കാൻ മൗറീഷ്യസിനെ സഹായിച്ചതിന് പ്രധാനമന്ത്രി മോദിയെ നന്ദിക്ക് പറഞ്ഞുകൊണ്ടാണ് പ്രധാനമന്ത്രി ജുഗ്നോത് പ്രസംഗം അവസാനിപ്പിച്ചത്.

കഴിഞ്ഞ 6 മാസനത്തിനിടയിൽ മൗറീഷ്യസ് പ്രധാനമന്ത്രി ശ്രീ. പ്രവിന്ദ് ജുഗ്നോതുമായി നടത്തുന്ന അഞ്ചാമത്തെ കൂടിക്കാഴ്ചയാണിതെന്നും ഇന്ത്യയും മൗറീഷ്യസും തമ്മിലുള്ള ശക്തവും തനതുമായ പങ്കാളിത്തത്തിന്റെ തെളിവാണിതെന്നും ചടങ്ങിൽ സംസാരിച്ചുകൊണ്ട് പ്രധാനമന്ത്രി മോദി പറഞ്ഞു. ഇന്ത്യയുടെ 'അയൽക്കാർ ആദ്യം' നയത്തിലെ പ്രധാന പങ്കാളിയും വിഷൻ സാഗറിലെ പ്രത്യേക പങ്കാളിയുമാണ് മൗറീഷ്യസെന്ന് അദ്ദേഹം പറഞ്ഞു. "ഗ്ലോബൽ സൗത്തിലെ അംഗങ്ങൾ എന്ന നിലയിൽ, രണ്ടു രാജ്യങ്ങൾക്കും പൊതുവായ മുൻഗണനകളുണ്ട്, കഴിഞ്ഞ 10 വർഷക്കാലത്ത് രണ്ട് രാജ്യങ്ങളും തമ്മിലുള്ള ബന്ധത്തിൽ മുമ്പെങ്ങും ഉണ്ടാകാത്ത മുന്നേറ്റമാണ് ഉണ്ടായത്. പരസ്പര സഹകരണത്തിന്റെ പുതിയ ഉയരങ്ങളിൽ എത്താൻ ഇരു രാജ്യങ്ങൾക്കും കഴിഞ്ഞു", പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. പഴക്കം ചെന്ന ഭാഷയും സാംസ്ക്കാരിക ബന്ധങ്ങളും പരാമർശിച്ചുകൊണ്ട്, യുപിഐ, റുപ്പെ കാർഡ് സേവനങ്ങൾ ബന്ധത്തിന് ആധുനിക ഡിജിറ്റൽ കണക്റ്റിവിറ്റി നൽകിയതായി അദ്ദേഹം പറഞ്ഞു.

വികസന പങ്കാളിത്തമാണ് ഇരു രാജ്യങ്ങളും തമ്മിലുള്ള രാഷ്ട്രീയ പങ്കാളിത്തത്തിന്റെ അടിസ്ഥാന തൂണുകളെന്നും, EEZ ആയാലും ആരോഗ്യ സുരക്ഷ ആയാലും ഇന്ത്യ നൽകുന്ന വികസന സംഭാവനകൾ മൗറീഷ്യസിന്റെ മുൻഗണനകളെ അടിസ്ഥാനമാക്കിയുള്ളതാണെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. കോവിഡ് മഹാമാരി ആയാലും എണ്ണ

ചോർച്ച ആയാലും "ഇന്ത്യ എല്ലായ്പ്പോഴും മൗറീഷ്യസിന്റെ ആവശ്യങ്ങളെ മാനിക്കുകയും ആദ്യം പ്രതികരിക്കുന്ന രാജ്യമായിരിക്കുകയും ചെയ്തിട്ടുണ്ട്", ദ്വീപ് രാജ്യത്തിനുള്ള ഇന്ത്യയുടെ ദീർഘകാല പിന്തുണ ചൂണ്ടിക്കാട്ടി പ്രധാനമന്ത്രി പറഞ്ഞു. ഇന്ത്യയുടെ പ്രധാന ലക്ഷ്യം മൗറീഷ്യസിലെ ജനങ്ങൾക്ക് ഒരു ക്രിയാത്മകമായ മാറ്റം ലഭ്യമാക്കുകയാണ്. കഴിഞ്ഞ 10 വർഷത്തിനിടെ, മൗറീഷ്യസിലെ ജനങ്ങൾക്ക് 400 ദശലക്ഷം യുഎസ് ഡോളറിന്റെ സഹായത്തോടൊപ്പം 1,000 ദശലക്ഷം യുഎസ് ഡോളറിന്റെ വായ്പ ഇന്ത്യ ലഭ്യമാക്കിയതായി പ്രധാനമന്ത്രി വ്യക്തമാക്കി. മൗറീഷ്യസിലെ മെട്രോ റെയിൽ ലൈനുകൾ, കമ്മ്യൂണിറ്റി വികസന പദ്ധതികൾ, സോഷ്യൽ ഹൗസിംഗ്, ഇഎൻടി ആശുപത്രി, സിവിൽ സർവീസ് കോളേജ്, സ്പോർട്സ് കോംപ്ലക്സ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ വികസനത്തിന് സംഭാവന നൽകാൻ ഇന്ത്യക്ക് ഭാഗ്യം ലഭിച്ചതായി അദ്ദേഹം പറഞ്ഞു.

2015-ൽ അഗലേഗയിലെ ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ നിറവേറ്റാൻ സാധിച്ചതിൽ പ്രധാനമന്ത്രി സന്തോഷം പ്രകടിപ്പിച്ചു. “ഇന്ത്യയിൽ ഇപ്പോൾ ഇതിനെ മോദിയുടെ ഗ്യാരന്റി എന്നാണ് പറയുന്നത്. സംയുക്തമായി ഉദ്ഘാടനം ചെയ്യപ്പെട്ട ഈ സൗകര്യങ്ങൾ ജനങ്ങളുടെ ജീവിത സൗകര്യം വർദ്ധിപ്പിക്കും”, പ്രധാനമന്ത്രി പറഞ്ഞു. മൗറീഷ്യസിന്റെ വടക്ക്, തെക്ക് ഭാഗങ്ങൾ തമ്മിലുള്ള ബന്ധം ഇത് മെച്ചപ്പെടുത്തുമെന്നും പ്രധാന ഭൂപ്രദേശവുമായുള്ള ഭരണപരമായ ബന്ധം വർദ്ധിപ്പിക്കുമെന്നും രോഗികളെ കൃത്യസമയത്ത് ആശുപത്രിയിൽ എത്തിക്കുന്നതിനും സ്കൂൾ കുട്ടികളുടെ യാത്രയ്ക്കും സൗകര്യമൊരുക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

രണ്ട് രാജ്യങ്ങളുടെയും സമ്പദ്‌വ്യവസ്ഥയെ ബാധിക്കുന്ന, ഇന്ത്യൻ മഹാസമുദ്ര മേഖലയിലെ പരമ്പരാഗതവും പരമ്പരാഗതമല്ലാത്തതുമായ വെല്ലുവിളികളെ പരാമർശിച്ച്, ഈ വെല്ലുവിളികൾ നേരിടുന്നതിന് സമുദ്ര സുരക്ഷയുടെ കാര്യത്തിൽ ഇന്ത്യയും മൗറീഷ്യസും സ്വാഭാവിക പങ്കാളികളാണെന്ന് പ്രധാനമന്ത്രി മോദി പറഞ്ഞു. “ഇന്ത്യൻ മഹാസമുദ്ര മേഖലയിലെ സുരക്ഷ, സമൃദ്ധി, സ്ഥിരത എന്നിവ ഉറപ്പാക്കാൻ ഞങ്ങൾ സജീവമായി പ്രവർത്തിക്കുന്നു. പ്രത്യേക സാമ്പത്തിക മേഖലയുടെ നിരീക്ഷണം, സംയുക്ത പട്രോളിംഗ്, ഹൈഡ്രോഗ്രാഫി, മാനുഷിക സഹായവും ദുരന്ത നിവാരണവും തുടങ്ങി എല്ലാ മേഖലകളിലും നമ്മൾ സഹകരിക്കുന്നു”, പ്രധാനമന്ത്രി കൂട്ടിച്ചേർത്തു. അഗലേഗയിലെ എയർസ്ട്രിപ്പിന്റെയും ജെട്ടിയുടെയും ഉദ്ഘാടനം മൗറീഷ്യസിന്റെ സമുദ്ര സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിനൊപ്പം ഇരു രാജ്യങ്ങളും തമ്മിലുള്ള സഹകരണം കൂടുതൽ മുന്നേറുന്നതിന് സഹായിക്കുമെന്ന് അദ്ദേഹം വ്യക്തമാക്കി.

മൗറീഷ്യസിൽ ജൻ ഔഷധി കേന്ദ്രങ്ങൾ സ്ഥാപിക്കാനുള്ള പ്രധാനമന്ത്രി ജുഗ്നോതിന്റെ തീരുമാനത്തെ പ്രകീർത്തിച്ച പ്രധാനമന്ത്രി, ജൻ ഔഷധി പദ്ധതിയിൽ ചേരുന്ന ആദ്യ രാജ്യമായി ഇതോടെ മൗറീഷ്യസ് മാറിയതായി പറഞ്ഞു. മികച്ച ഗുണനിലവാരമുള്ള ഇന്ത്യൻ നിർമ്മിത ജനറിക് മരുന്നുകൾ ലഭ്യമാകുന്നതിലൂടെ മൗറീഷ്യസിലെ ജനങ്ങൾക്ക് ഇത് ഗുണകരമാകും.

മൗറീഷ്യസ് പ്രധാനമന്ത്രിയുടെ ദീർഘവീക്ഷണത്തെയും മികച്ച നേതൃത്വത്തെയും പ്രധാനമന്ത്രി അഭിനന്ദിച്ചു. വരും നാളുകളിൽ ഇന്ത്യ-മൗറീഷ്യസ് ബന്ധം കൂടുതൽ ഉയരങ്ങളിൽ എത്തുമെന്ന് അദ്ദേഹം ആത്മവിശ്വാസം പ്രകടിപ്പിച്ചു.

**ന്യൂഡൽഹി**
**ഫെബ്രുവരി 29, 2024**